LIBRARY ARCHIVES Kerala Legislative Assembly

കപ്പിവെള്ളത്തിന്റെ ഗുണനിലവാരം

98 (805) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കപ്പിവെള്ള നിർമ്മാണ കമ്പനികൾ വില്പന നടത്തുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ടോ ; ഇതുവരെ കേസുകൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തൊട്ടാകെ കുപ്പിവെള്ള കമ്പനികൾ ഉല്പാദിപ്പിക്കുന്ന 17 സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി ഫുഡ് അനലിസ്റ്റ് ലാബിൽ അയച്ചതിൽ ഒരെണ്ണം ഭക്ഷ്യസുരക്ഷാ നിലവാര നിയമങ്ങൾ, ചട്ടങ്ങൾ, നിബന്ധനകൾ എന്നിവ പ്രകാരം സുരക്ഷിതമല്ലാത്തതാണെന്ന് കണ്ടെത്തുകയും ടി കുപ്പിവെള്ള കമ്പനിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. നിലവാരമില്ലാത്ത കുപ്പിവെള്ളത്തിന്റെ ഉത്പാദകർ, കാവിൽ ഇൻഡസ്ട്രീസ്, ആറ്റിങ്ങൽ ആണ്. ശേഷിച്ച 16 സാമ്പിളുകൾ ഗുണനിലവാരം പുലർത്തുന്നതാണ്.

ഭക്ഷ്യവസ്തുക്കളിൽ മായവും വിഷ വസ്തുക്കളും

99 (806) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്തു വിറ്റഴിച്ച ഭക്ഷ്യ വസ്തുക്കളിലും ഭക്ഷ്യ വിഭവങ്ങളിലും മാരകമായ വിഷവസ്തുക്കൾ ഉണ്ടായിരുന്നുവെന്ന ലബോറട്ടറി പരിശോധനാ ഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യവസ്തുക്കളിൽ മായവും, വിഷവസ്തുക്കളും കലർത്തിയിട്ടില്ലെന്നു കണ്ടെത്താൻ സ്ഥിരമായ മുൻകൂർ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ ?